# ജിന്നുകളോടുള്ള തേട്ടവും
# മടവൂര്‍ വിഭാഗത്തിന്റെ ഒളിച്ചോട്ടവും

അബ്ദുല്‍ ഖാദര്‍, കരുവമ്പൊയില്‍

ജിന്നുകളോടുള്ള സഹായതേട്ടം പ്രാര്‍ത്ഥനയുടെ പരിധിയില്‍ വരികയില്ലെന്ന **ശബാബ് വാരികയിലെ ഉദ്ധരണിക്ക്** മുമ്പില്‍ മറുപടി പറയാന്‍ കഴിയാതെ ഒളിച്ചോട്ടം നടത്തുന്ന കാഴ്ച്ചകളാണ് ഇപ്പോള്‍ കണ്ടു കൊണ്ടിരിക്കുന്നത്. മുമ്പെഴുതിയ സഹായതേട്ട വാദത്തെ 2009 ഡിസംബര്‍ 11 ലെ ശബാബ് വാരികയില്‍ വീണ്ടും ന്യായീകരിച്ചത് മടവൂരികളെ വെട്ടിലാക്കിയിരിക്കുകയാണ്. ആ ഭാഗം ഇങ്ങനെ വായിക്കാം. ''വിജനമായ ഒരു സ്ഥലത്ത് നിന്ന് അല്ലാഹുവിന്റെ അടിയാന്‍മാരേ നിങ്ങള്‍ എന്നെ സഹായിക്കണം എന്ന് ഒരാള്‍ ആവശ്യപ്പെട്ടാല്‍ അത് പ്രാര്‍ത്ഥനയാണെന്ന് ഉറപ്പിച്ച് പറയാന്‍ പറ്റില്ല എന്നാണ്''. (ശബാബ്)

ശബാബിലെ മേല്‍ ന്യായീകരണത്തിന് നിദാനമായ മറുപടിയില്‍ അല്ലാഹു കഴിവ് കൊടുത്ത കാര്യത്തില്‍ മലക്കുകളോടും ജിന്നുകളോടും സഹായം തേടുന്ന കാര്യത്തെ പറ്റിയായിരുന്നു പറഞ്ഞിരുന്നത്. വായനക്കാര്‍ക്ക് സത്യം മനസ്സിലാക്കാന്‍ മടവൂരികള്‍ മുമ്പ് നല്‍കിയ ആ മറുപടിയും കാണുക. ''അതുപോലെ വിജനപ്രദേശത്ത് ഉണ്ടായേക്കാന്‍ ഇടയുള്ള ജിന്നുകളും മലക്കുകളും ഉള്‍പ്പെടെയുള്ള സൃഷ്ടികളോട് അവര്‍ക്ക് കഴിവ് നല്‍കപ്പെട്ട വിഷയത്തില്‍ സഹായം ആവശ്യപ്പെട്ടാല്‍ അതും പ്രാര്‍ത്ഥനയാണെന്ന് പറയാവുന്നതല്ല.'' (പ്രാര്‍ത്ഥന, തൗഹീദ്, ചോദ്യങ്ങള്‍ക്ക് മറുപടി. പേജ് 103. ചെറിയമുണ്ടം അബ്ദുല്‍ ഹമീദ് മദനി. യുവത പ്രസിദ്ധീകരിച്ചത്). കഴിവ് നല്‍കപ്പെട്ട വിഷയത്തില്‍ വിജനപ്രദേശത്ത് വെച്ച് മലക്കുകളോടും ജിന്നുകളോടും സഹായം തേടിയാല്‍ അത് പ്രാര്‍ത്ഥനയാവുകയില്ലത്രെ. അഥവാ ശിര്‍ക്കാവുകയില്ല എന്ന് സാരം.

മേല്‍ ഫത്‌വ കൊടുത്ത മടവൂരികള്‍ മറുപടി പറയേണ്ട ചില പ്രശ്നങ്ങളുണ്ട്:

1) മരിച്ചുപോയ മഹത്തുകള്‍ക്ക് അവര്‍ക്ക് കഴിവ് നല്‍കിയ കാര്യത്തില്‍ സഹായം തേടിയാല്‍ ശിര്‍ക്കാവുകയില്ല എന്ന് ശബാബിലൂടെ ഫത്‌വ നല്‍കാന്‍ നിങ്ങള്‍ തയ്യാറാവുമോ? ഇല്ല എന്നാണ് മറുപടിയെങ്കില്‍ എന്ത് കൊണ്ട്?

2) മരിച്ചവരോട് തേടിയാല്‍ പ്രാര്‍ത്ഥനയാവുമെന്ന് ഉറപ്പിച്ച് പറയുന്ന മടവൂരികള്‍ക്ക് വിജനസ്ഥലത്ത് നിന്ന് മലക്കിനോടും ജിന്നിനോടും അവര്‍ക്ക് കഴിവ് കൊടുത്ത വിഷയത്തില്‍ തേടിയാല്‍ പ്രാര്‍ത്ഥനയാണെന്ന് പറയുകയില്ലെന്ന് വിവേചിച്ചു പറയേണ്ടി വന്നത് എന്ത് കൊണ്ട്?

3) 'കഴിവ് നല്‍കപ്പെട്ട വിഷയത്തില്‍ സഹായം തേടിയാല്‍' എന്നാണല്ലോ മടവൂരികളേ നിങ്ങള്‍ നല്‍കിയ ഫത്‌വ? കഴിവ് നല്‍കപ്പെടാത്ത വിഷയത്തില്‍ സഹായം തേടിയാല്‍ എന്ന് ഇസ്‌ലാഹില്‍ നിങ്ങള്‍ വിമര്‍ശിച്ച വരികളില്‍ എവിടെയെങ്കിലും എഴുതിയിട്ടുണ്ടോ? അതെഴുതിയ ലേഖകന് അങ്ങനെയൊരു വാദമുള്ളതായി നിങ്ങള്‍ തെളിയിക്കുമോ?

4) ഇല്ലെങ്കില്‍ തങ്ങള്‍ എഴുതിയ അതേ കാര്യം എഴുതിയ ഇസ്‌ലാഹ് ലേഖകനെ മാത്രം നിങ്ങളെന്തിന് വിമര്‍ശിക്കുന്നു?

ഇസ്‌ലാഹിൽ എഴുതിയ വരികൾക്ക് 2008 ജനുവരി ലക്കത്തിൽ തന്നെ വിശദീകരണം നൽകിയതുമാണ്. അതിങ്ങനെ വായിക്കാം. ''നമ്മുടെ ജീവിതത്തിലെ ഒരു സാഹചര്യത്തിലും ജിന്നിനോട് സഹായം തേടാൻ ഖുർആനിലും ഹദീസിലും തെളിവില്ല. ഇത്തരം ദുഷ്പ്രചാരണങ്ങളെ കരുതിയിരിക്കുക''. (ഇസ്‌ലാഹ്). മരുഭൂമിയിലായാലും മറ്റെവിടെയായാലും ജിന്നുകളോട് സഹായം തേടാൻ ഇസ്‌ലാമിൽ വകുപ്പില്ലെന്നർത്ഥം. ഇതൊന്നും കണ്ട ഭാവം പോലും നടിക്കാതെ മുജാഹിദുകൾക്കെതിരിൽ കളവുകളും വാറോലകളുമായി ഊര് തെണ്ടുന്ന മടവൂരികൾക്ക് കനത്ത തിരിച്ചടിയാണ് 2009 ഡിസംബർ 11 ലെ ശബാബിൽ വന്ന ന്യായീകണം. അതിന് തടയിടാൻ മറ്റൊരു മടവൂരി നൽകിയ വിശദീകരണമാണ് അതിലേറെ രസാവഹം. അത് കാണുക. ''ജിന്നോ മലക്കോ സഹായിക്കുമെന്ന് കരുതി സഹായതേട്ടം നടത്തുന്നതിനേയും ആരെങ്കിലും എന്നെ ഒന്ന് സഹായിക്കണേ എന്ന ഒറ്റപ്പെടുമ്പോഴുള്ള സ്വാഭാവികമായ പ്രതികരണത്തേയും ഒരുപോലെ ചിത്രീകരിച്ച് ഇവരുണ്ടാക്കാൻ ശ്രമിക്കുന്ന ആശയക്കുഴപ്പങ്ങളും ഈ മറുപടിയിലൂടെ ഇല്ലാതാവുന്നു''. (ശബാബ് 2009 ഡിസംബർ 18)

നുണമത്സരത്തിൽ ഹുസൈൻ മടവൂരിന്റെ വക സമ്മാനം നൽകുകയാണെങ്കിൽ ശബാബ് വാരികയിലെ മേൽകുറിപ്പുകാരന് നൽകണം. കാരണം, ശബാബിൽ നൽകിയ മറുപടിയിൽ പറയുന്നത് ഒറ്റപ്പെടുമ്പോഴുള്ള സ്വാഭാവികമായ പ്രതികരണത്തെ കുറിച്ചല്ല. വിജനമായ സ്ഥലത്ത് വെച്ച് അല്ലാഹു കഴിവ് കൊടുത്ത വിഷയത്തിൽ മലക്കിനോടും ജിന്നുകളോടും സഹായം തേടുന്നതിനെ കുറിച്ചാണ്. മടവൂരികൾ എഴുതിയ ഇതേ കാര്യം തന്നെയാണ് ഇസ്‌ലാഹ് മാസികയിലും എഴുതിയത്. അല്ലാഹു കഴിവ് കൊടുക്കുന്ന വിഷയത്തെ സംബന്ധിച്ച് തന്നെയാണ് അബ്ദുൽജബ്ബാർ മൗലവി 'നിനച്ചു' എന്നെല്ലാം എഴുതിയത്. കഴിവ് കൊടുക്കാത്ത കാര്യങ്ങളെ പറ്റി അദ്ദേഹം ചർച്ച ചെയ്തിട്ടേയില്ല. എന്നിരിക്കെ, ശബാബിലേത് തൗഹീദും ഇസ്‌ലാഹിലേത് ശിർക്കുമാകുന്നത് എങ്ങിനെ? തെറ്റാണെങ്കിൽ രണ്ടും തെറ്റാണെന്നല്ലേ പറയേണ്ടത്? മാത്രവുമല്ല, മടവൂരികളുടെ ഫത്‌വയെ പറ്റി എടവണ്ണയിലെ സുല്ലമി വിലയിരുത്തുന്നത് ഇങ്ങനെയാണ്. ''അത് ഞാൻ നോക്കുമ്പോൾ വളരെ അപകടകരമാണ് ആ പറഞ്ഞിരിക്കുന്നത്''. (ശബ്ദരേഖ ലേഖകന്റെ കയ്യിലുണ്ട്). ഇതേ കുറിച്ച് ഈ മൗലവിയോടുള്ള ചോദ്യവും മറുപടിയും കാണുക. ''വിജന സ്ഥലത്ത് നിന്ന് ചോദിച്ചാൽ പ്രാർത്ഥനയാവില്ല എന്നതിനോട് നമുക്ക് യോജിക്കാൻ പറ്റുമോ?''. അതിനദ്ദേഹം പറഞ്ഞ മറുപടി കാണുക. ''എങ്ങനെയാണ് ചോദിക്കാൻ പറ്റുക? മലക്കിനേയും ജിന്നിനേയും ഉദ്ദേശിച്ചാൽ തന്നെ പ്രാർത്ഥനയായില്ലേ?'' (സുല്ലമിയുടെ ഫോൺക്ലിപ്പ്). സ്വന്തം മൗലാന തന്നെ ശിർക്കാണെന്ന് വിധിയെഴുതിയ കാര്യം ശബാബുകാർക്ക് എങ്ങനെ സ്വാഭാവികമായ പ്രതികരണമായി? മടവൂരികളുടെ കള്ളവും ഉരുണ്ട്കളികളും ഒളിച്ചോട്ടവും ജനങ്ങൾ തിരിച്ചറിയുക തന്നെ വേണം.

എടവണ്ണ സുല്ലമി തന്നെ മലക്കിന്റെ ശബ്ദവും അശരീരിയും ഭൗതികമാക്കിയതും തദടിസ്ഥാനത്തിലുള്ള സഹായതേട്ടം ശിർക്കല്ലാതാക്കിയതും മടവൂരികൾക്ക് വലിയ തലവേദനയാണ്. സുല്ലമിയുടെ ഫത്‌വ കാണുക. ''ഒരു മുസ്‌ലിയാർ ഒരു മരുഭൂമിയിൽ അകപ്പെട്ടു. ദാഹജലത്തിന് വേണ്ടി അയാൾ നേട്ടോട്ടമോടുകയാണ്. അപ്പോൾ അയാൾ ഒരു അശരീരി കേട്ടു. ഹാജറാബീവിയുടെ സംഭവത്തെ അടിസ്ഥാനമാക്കി അയാൾ ആ ശബ്ദം പുറപ്പെടുവിച്ച ആളെ ഉദ്ദേശിച്ച് കൊണ്ട് നിന്റെയടുക്കൽ വെള്ളമുണ്ടെങ്കിൽ എന്നെ സഹായിക്കൂ എന്ന് ദയനീയമായ സഹായതേട്ടം നടത്തിയാൽ മുസ്‌ലിയാർ ശിർക്ക് ചെയ്യുന്നില്ല''. (ശബാബ് .2005. ജൂലൈ. 1). ഹാജറബീവിയുടെ സംഭവത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിയാർക്ക് മരുഭൂമിയിൽ വെച്ച് സഹായം തേടാം! ഹാജറ ബീവിയുടെ തേട്ടം മലക്കിനോടായിരുന്നു. അതും ഈ സുല്ലമി തന്നെ വ്യക്തമാക്കുന്നു. ''മർവ്വയെന്ന കുന്നിൻമേൽ കയറിയപ്പോൾ അവരൊരു ശബ്ദം കേട്ടു. മൗനം പാലിക്കൂ എന്ന് തന്നോട് തന്നെ അവർ പറഞ്ഞു. ശരിക്ക് അവർ (ഹാജറ) ശ്രദ്ധിച്ചു നിന്നപ്പോൾ പിന്നെയും ഒരു ശബ്ദം കേട്ടു. ഹാജറ പറഞ്ഞു. നിന്റെ ശബ്ദം ഞാൻ കേട്ടു കഴിഞ്ഞിട്ടുണ്ട്. തന്നെ സഹായിക്കാൻ നിന്റെ പക്കൽ വല്ല സഹായവും ഉണ്ടെങ്കിൽ എന്നെ സഹായിക്കുക. അപ്പോൾ മലക്ക് പ്രത്യക്ഷപ്പെട്ടു. ഇപ്പോൾ സംസം കിണർ നിൽക്കുന്ന സ്ഥലത്ത്''. (ശബാബ് 2005 ജൂലൈ 1). ഇവിടെ ഹാജറ ബീവി നിനച്ചിരുന്ന ആൾ മലക്കാണെന്ന് സ്വഹീഹായ ഹദീസുകൾ കൊണ്ട് നമുക്ക് വ്യക്തമായി. മുസ്‌ലിയാർ ഇതിന്റെ അടിസ്ഥാനത്തിൽ അശരീരിയോട് ചോദിക്കുമ്പോൾ മനസ്സിൽ നിനക്കേണ്ടത് ആരെയാണ്? ശബ്ദം പുറപ്പെടുവിക്കുന്ന മനുഷ്യൻ

മാത്രമെന്നാണോ? അശരീരി മുഴക്കിയത് മലക്കായിരുന്നുവെന്ന് സുല്ലമി തന്നെ സമ്മതിച്ചു വല്ലോ? അപ്പോൾ അതിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിയാർ മലക്കിനെ ഉദ്ദേശിച്ചാൽ സുല്ലമി എന്ത് പറയും? അതോ, ആ സന്ദർഭത്തിൽ മലക്കിനേയും മനുഷ്യൻമാരാണെന്ന് നിയ്യത്ത് ചെയ്താൽ മതിയോ? വിധി മടവൂരികൾ തന്നെ തീരുമാനിക്കട്ടെ.

തന്റെ ജീവിതത്തിൽ ഒരു തവണയെങ്കിലും സഹായിക്കാനുള്ള കഴിവ് മലക്കുകൾക്ക് അല്ലാഹു നൽകുമെന്ന് വിശ്വസിച്ചാൽ ശിർക്കാകുമെന്നായിരുന്നു മടവൂരികളുടെ 2006ൽ ഉള്ള ഈമാൻ. എടവണ്ണയിലെ സുല്ലമി എഴുതുന്നത് കാണുക. ''വല്ലവനും മരണപ്പെട്ടവർക്കും മലക്കുകൾക്കും ജിന്നുകൾക്കും തന്റെ ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും തന്നെ സഹായിക്കുവാനുള്ള കഴിവ് അല്ലാഹു നൽകിയിട്ടുണ്ടെന്ന് വിശ്വസിച്ചു, അല്ലെങ്കിൽ ഇവരെ വിളിച്ച് തേടുന്നവരെ സഹായിക്കുവാൻ അല്ലാഹു കഴിവ് നൽകിയിട്ടുണ്ടെന്ന് വിശ്വസിച്ചു. ഇവൻ വിളിച്ച് തേടാതെ ജീവിച്ചു. എന്നാലും ഇവന്റെ വിശ്വാസത്തിൽ ശിർക്ക് വന്നു.'' (ശബാബ്. 2006. ഡിസംബർ. 22). എന്നാൽ 2007 ആയപ്പോഴേക്കും ഈ ശിർക്ക് തൗഹീദായി! മലക്കുകളുടെ സഹായം സത്യവി ശ്വാസികൾക്ക് ലഭിക്കുമെന്ന് മടവൂരികൾ തന്നെ വെട്ടിത്തുറന്നെഴുതി. അതു കാണുക. ''സത്യ വിശ്വാസികളുമായി പ്രത്യേക ബന്ധം വെച്ചു പുലർത്തുന്നവരാണ് വിശുദ്ധരായ മലക്കുകൾ. വിവിധ തരം സഹായങ്ങളും പ്രാർത്ഥനകളും സത്യവിശ്വാസികൾക്ക് വേണ്ടി ഇവർ നടത്തുന്ന തോടൊപ്പം അവർക്കു വേണ്ടി പ്രതിരോധിക്കുകയും സഹായഹസ്തം നീട്ടുകയും കൂടി ചെയ്യു ന്നു''. (മലക്കുകളിലുള്ള വിശ്വാസം. പേജ്. 34. സി. മുഹമ്മദ് സലീം സുല്ലമി. യുവത ബുക്ക്ഹൗസ് പ്രസിദ്ധീകരിച്ചത്. ഒന്നാം എഡിഷൻ. 2007. മെയ്). വീണ്ടും കാണുക. ''വിശ്വാസി കൾക്ക് മലക്കുകളുടെ സഹായവും പിന്തുണയും ലഭിക്കുന്നു'' (അതേ പുസ്തകം. പേജ് 35). മലക്കുകൾക്ക് സത്യവിശ്വാസികളെ സഹായിക്കാനുള്ള ഈ കഴിവ് അല്ലാഹു നൽകിയതാ ണെന്ന് വിശ്വസിച്ചാൽ എടവണ്ണക്കാരന്റെ ഭാഷയിൽ ശിർക്ക്! പിന്നെ ഇത് തൗഹീദാവണമെ ങ്കിൽ ആര് നൽകിയതാണെന്ന് എത്ര തവണ വിശ്വസിക്കണമാവോ? മുജാഹിദുകളെ സംബന്ധി ച്ചിടത്തോളം മലക്കുകളുടെ പ്രകൃതിയിൽ ഇത് അല്ലാഹു നൽകിയ കഴിവാണെന്ന് വിശ്വസി ക്കാനേ നിർവ്വാഹമുള്ളൂ. അല്ലാഹുവല്ലാത്ത മറ്റാരെങ്കിലുമാണ് മലക്കുകൾക്ക് സഹായിക്കാ നുള്ള ഈ കഴിവ് നൽകിയതെന്ന് വിശ്വസിച്ചാൽ അതോടെ അവൻ ഇസ്‌ലാമിൽ നിന്ന് പുറത്താ യി. ഏതായാലും വിജനസ്ഥലവും എടവണ്ണ സുല്ലമിയും മലക്കുകളുടെ സഹായവും എല്ലാം കൂടിയായപ്പോൾ മടവൂരികൾ ആകെ ഉഴന്ന മട്ടിലാണ്. വസ്തുതാപരമായ ഈ പ്രശ്നങ്ങൾക്ക് മുമ്പിൽ ജനങ്ങളോട് മറുപടി പറയാനില്ലാതെ കുഴങ്ങുമ്പോൾ താൽക്കാലികമായി എടുക്കുന്ന അടവുകളാണ് മുജാഹിദ് നേതാക്കളുടെ പേരിൽ ദുരാരോപണങ്ങൾ പറഞ്ഞു പരത്തൽ.